**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5258** **21-07-2022 - ൽ മറുപടിയ്ക്ക്**

**പെരുമ്പഴുതൂർ പൊളിടെക്നിക്ക് കോളേജിൽ പുതിയ മന്ദിരം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര പെരുമ്പഴുതൂർ പൊളിടെക്നിക്ക് കോളേജിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് എത്രകോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വിശദമാക്കാമോ; | (എ) | 12.5.2022 തീയതിയിലെ സ.ഉ(സാധാ)നം. 683/2022/ഉ.വി.വ പ്രകാരം നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിൻെറ ഒന്നാം ഘട്ട നിർമ്മാണത്തിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | എത്ര കോടിയുടെ ഡി.പി.ആർ. ആണ് പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം നൽകിയതെന്ന് വിശദമാക്കാമോ; | (ബി) | 425 ലക്ഷം രൂപയുടെ ഡി.പി.ആർ ആണ് പൊതുമരാമത്ത് വകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുള്ളത് . |
| (സി) | ഡി.പി.ആർ. പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 4202-02-104-99 പ്ലാൻ ശീർഷകത്തിൽ 22 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.ടി ശീർഷകത്തിൽ നിന്നും നടപ്പ് വർഷത്തിൽ 22 കോടിയുടെ ഭരണാനുമതി മാത്രമേ നൽകാനാവൂ. വിവിധ പോളിടെക്നിക്ക് കോളേജുകളിൽ നിന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച പ്രൊപ്പോസലുകൾ പരിഗണിക്കേണ്ടതുള്ളതിനാലാണ് ഭരണാനുമതിയോടൊപ്പം, നടപ്പ് വർഷത്തിൽ ചിലവഴിക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ച് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ